**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ്-മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ്-മംഗലാപുരം റൂട്ടിലെ കെ.എസ്ആർ.ടി.സി. ബസ്സുകളിൽ കൺസെഷൻ ലഭിക്കാത്തതിനാൽ മംഗലാപുരത്ത് പഠിക്കുന്നത് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ, ടൗൺ ടു ടൗൺ സർവ്വീസുകൾ എന്നിവ ഒഴികെയുള്ള മറ്റ് എല്ലാ ഓർഡിനറി സർവ്വീസുകളിലും കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസഷൻ സൗകര്യം അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം നിലവിൽ അനുവദിക്കുന്നില്ല. |
| (ബി) | പ്രസ്തുത റൂട്ടിൽ കൺസെഷൻ അനുവദിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ, ടൗൺ ടു ടൗൺ സർവ്വീസുകൾ എന്നിവ ഒഴികെയുള്ള മറ്റ് എല്ലാ ഓർഡിനറി സർവ്വീസുകളിലും കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസഷൻ സൗകര്യം അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം നിലവിൽ അനുവദിക്കുന്നില്ല. |
| (സി) | കർണ്ണാടക ബസ്സുകളിൽ കൺസെഷൻ ലഭിക്കുന്നതിനാൽ രാവിലെ 7 മുതൽ 8.30 വരെയും വൈകുന്നേരം 4 മുതൽ 6 വരെയും പ്രസ്തുത റൂട്ടിൽ കർണാടക ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ആകെ ഓപ്പറേറ്റ് ചെയ്യാവുന്ന കിലോമീറ്ററുകളുടെ അളവ് എന്നിവ സംബന്ധിച്ച് അന്തർ സംസ്ഥാന ഗതാഗത |

| | | | |
|---|---|---|---|
| | | | കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കാസർഗോഡ് - മംഗലാപുരം അന്തർസംസ്ഥാന പാതയിൽ ഓരോ രണ്ട് മണിക്കൂർ ഇടവേളകൾ ക്രമീകരിച്ച് ഇരു സംസ്ഥാനങ്ങളിലേയും ആർ.ടി.സി.കൾ ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. (ഉദാഹരണം – കാസർഗോഡ് നിന്ന് മംഗലാപുരത്തേയ്ക്ക് രാവിലെ 06.00 മണി മുതൽ 08.00 വരെ കെ.എസ്.ആർ.ടി.സി.യും, 08.00 മണി മുതൽ 10.00 വരെ കർണ്ണാടക ആർ.ടി.സി.യും സർവ്വീസ് നടത്തുവാൻ അനുവദിച്ചിട്ടുണ്ട്.) നിലവിലുള്ള സമയക്രമം ലംഘിച്ച് കർണ്ണാടക ആർ.ടി.സി.യെ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുവാൻ അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് ഭീമമായ വരുമാന നഷ്ടത്തിന് കാരണമാകും എന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ഡി) | പ്രസ്തുത റൂട്ടിൽ കൺസെഷൻ അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (ഡി) | പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ